## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. വി വിഘ്നേശ്വരി ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – പോഷകബാല്യം 2026 - 27 – രണ്ടാം ഗഡു തുക (ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തേയ്ക്ക്) അനുവദിച്ചുത്തരവാകുന്നു.

പരാമർശം:
1. 2026 -27 വർഷത്തെ സംസ്ഥാന ബഡ്ജറ്റ്.
2. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്.
3. സംസ്ഥാന സർക്കാരിന്റെ 12.03.2026 ലെ WCD-B1/48/2026-WCD-Part(1) നമ്പർ കത്ത്.
4. ഈ കാര്യാലയത്തിലെ 27.04.2026 തീയതിയിലെ ഇതേ നമ്പർ നടപടിക്രമങ്ങൾ
5. സ.ഉ(സാധാ)നം.198/2026/WCDD തീയതി. 04.06.2026
6. ജില്ല വനിത ശിശു വികസന ഓഫീസർമാർ ലഭ്യമാക്കിയ ഫണ്ട് റിക്വസ്റ്റ്

**ഉത്തരവ് നം: DWCD/2016/2026-ICDSB1 തീയതി: 02-07-2026**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും, കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിര വികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാന പദ്ധതി (പോഷകബാല്യം) 2022-23 ൽ ആരംഭിക്കുകയും 2025 - 26 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തുകയും ചെയ്തു. 2026 -27 സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ 7900.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

പോഷകബാല്യം പദ്ധതി 2026 -27 സാമ്പത്തിക വർഷവും തടസ്സം കൂടാതെ തുടരുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ നിർദേശം ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 7498.00 ലക്ഷം രൂപ ചെലവഴിക്കുന്നതിനായി പരാമർശം (5) പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി തടസ്സം കൂടാതെ തുടരുന്നതിനായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് ആവശ്യമായ തുക പരാമർശം (4) പ്രകാരം അനുവദിച്ചിരുന്നു. പ്രസ്തുത തുക ടി മാസങ്ങളിലേയ്ക്ക് പര്യാപ്തമല്ലെന്ന് ജില്ലകളിൽനിന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ തുടർന്നുള്ള 3 മാസത്തെ പദ്ധതി നടത്തിപ്പിനുള്ള ഫണ്ടും പരാമർശം (6) പ്രകാരം ജില്ലകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 2026-27 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലേയ്ക്ക് അനുവദിച്ച തുകയ്ക്ക് പുറമെ അധികമായി ആവശ്യമുള്ള തുകയും 2026 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, മാസങ്ങളിലേയ്ക്ക് പദ്ധതി ചെലവിനു ആവശ്യമായ തുകയും ഉൾപ്പെടെ മുട്ട ഇനത്തിൽ 10,29,01,135/- രൂപയും, പാൽ ഇനത്തിൽ 9,48,14,601/-രൂപയും ഉൾപ്പെടെ ആകെ 19,77,15,736/- രൂപ (പത്തൊൻപത് കോടി എഴുപത്തിയേഴ്, ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ നിന്നും 14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും ചുവടെ ചേർക്കും പ്രകാരം അനുവദിച്ചു ത്തരവാകുന്നു.

POSHAKABALYAM 2026-27 - SECOND ALLOTEMNT

| SL.NO | DISTRICT | EGG | MILK | TOTAL |
|---|---|---|---|---|
| 1 | Thiruvananthapuram | 10047142 | 9524996 | 19572138 |
| 2 | Kollam | 7450846 | 7561764 | 15012610 |
| 3 | Pathanamthitta | 3209696 | 2905911 | 6115607 |
| 4 | Alappuzha | 8799967 | 8200182 | 17000149 |
| 5 | Kottayam | 6245344 | 5614534 | 11859878 |
| 6 | Ernakulam | 8850938 | 8286408 | 17137346 |
| 7 | Idukki | 3951389 | 3775785 | 7727174 |
| 8 | Thrissur | 8350000 | 7235000 | 15585000 |
| 9 | Palakkad | 9905317 | 7811128 | 17716445 |
| 10 | Malappuram | 16609728 | 14512811 | 31122539 |
| 11 | Wayanad | 2160248 | 1857053 | 4017301 |
| 12 | Kozhikkode | 7454294 | 8386358 | 15840652 |
| 13 | Kannur | 6030550 | 5836210 | 11866760 |
| 14 | Kasargode | 3835676 | 3306461 | 7142137 |
| TOTAL | | 102901135 | 94814601 | 197715736 |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പദ്ധതി ചെലവിനു ആവശ്യമായ തുക മുൻകൂറായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ച് നൽകേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും ശേഖരിച്ച്, ക്രോഡീകരിച്ച് ആയത് ജില്ലാ വനിതാ ശിശു വികസന ഓഫീസർ BAMS മായി ഒത്തുനോക്കി ഈ കാര്യാലയത്തിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്